NO. 14205/D3/12/F-USD.

# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 109 — 13/12/2012 - ൽ മറുപടിക്ക്

## പാചകവാതക ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ. ആർ.രാജേഷ്<br>ശ്രീമതി. പി.അയിഷാ പോറ്റി | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചക വാതക സിലിണ്ടറുകളുടെ എണ്ണം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതു മൂലം ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പാചകവാതക സിലിണ്ടറുകളുടെ എണ്ണം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് മൂലം ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകളുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) സബ്സിഡിയോടു കൂടിയ പാചക വാതക സിലിണ്ടർ വീട് ഒന്നിന് പ്രതിവർഷം 12 വീതം നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) ഇക്കാര്യം തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. |
| (സി) നിലവിലുള്ള പാചക വാതക ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; | (സി) പാചകവാതക കണക്ഷൻ നൽകുന്നതും, വിതരണം നടത്തുന്നതും ഓയിൽ കമ്പനികളാണ്. സിലിണ്ടറുകൾ കൃത്യമായി വിതരണം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഗ്യാസ് ഏജൻസിയെ സംബന്ധിച്ചുള്ള പരാതികളിൻമേൽ സത്വര നടപടി കൈക്കൊള്ളുകയാണ് പൊതുവിതരണ വകുപ്പ് ചെയ്യുന്നത്. പരാതികളുടെ അടിസ്ഥാനത്തിൽ ഗ്യാസ് ഏജൻസികൾ പരിശോധിക്കുകയും, ഹോട്ടലുകളിൽ വ്യാപകമായ റെയ്ഡ് നടത്തി വീട്ടാവശ്യത്തിനായുള്ള സിലിണ്ടറുകൾ കണ്ടെത്തിയാൽ ഇവ പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓയിൽ കമ്പനികളുടെ ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനം തൊഴിൽ പ്രശ്നം മൂലം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) **പാചകവാതക ക്ഷാമം** പരിഹരിക്കുന്നതിന് **എന്തു** നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) ഓയിൽ കമ്പനികളുടെ ചില ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനം തൊഴിൽ പ്രശ്നം മൂലം തടസ്സപ്പെട്ട സാഹചര്യത്തിൽ പാചകവാതക വിതരണത്തിൽ ഉണ്ടായ കാലതാമസം പരിഹരിക്കുവാൻ അവധി ദിവസങ്ങളിലടക്കം പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുമെന്ന് ഓയിൽ കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിൽ പരമായ പ്രശ്നം മൂലം ബോട്ടിലിംഗ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടുന്നത് ഒഴിവാക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) **ഉപഭോക്താവ്** മുൻവർഷം വാങ്ങിയതിൽ **കൂടുതൽ** സിലിണ്ടറുകൾ ഈ **വർഷം** അനുവദിക്കേണ്ടതില്ലെന്ന് നിർദ്ദേശം **നൽകിയിട്ടുണ്ടായിരുന്നുവോ; വെളിപ്പെടുത്തുമോ?** | (ഇ) ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ എണ്ണത്തിൽ കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ ഒരു വർഷത്തിൽ ഒൻപത് സിലിണ്ടറുകളിൽ കൂടുതൽ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വീട്ടിൽ ഒരു കണക്ഷൻ മാത്രം നിലനിർത്തിക്കൊണ്ട് കഴിഞ്ഞ വർഷം വാങ്ങിയ അത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള 27.10.2012 ലെ നം.271/12/ ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ